**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54** **08-06-2021 - ൽ മറുപടിയ്ക്ക്**

**ഇ.എം.സി.സി. യുമായുള്ള ധാരണാപത്രം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | 2020 ഫെബ്രുവരി 28 ന് കൊച്ചിയിൽ നടന്ന അസൻഡ് 2020ൽ ആഴക്കടൽ മത്സ്യബന്ധനത്തിനായി ഇ.എം.സി.സി. എന്ന അമേരിക്കൻ കമ്പനിയുമായി സർക്കാർ ധാരണാപത്രം ഒപ്പവച്ചിരുന്നോ; | (എ) | ഇ.എം.സി.സി എന്ന കമ്പനി സംസ്ഥാന സർക്കാർ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി -യുമായി 2020 ഫെബ്രുവരിയിൽ നടന്ന അസൻഡിൽ ധാരണാപത്രം ഒപ്പ വച്ചിരുന്നു. എന്നാൽ ഈ ധാരണാപത്രം പിന്നീട് റദ്ദാക്കപ്പെട്ടു. |
| (ബി) | പ്രസ്തുത ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുമുമ്പ് മന്ത്രിസഭയിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ചേർത്തല പള്ളിപ്പുറത്ത് നാലേക്കർ ഭൂമി അനുവദിക്കുന്നതിന് ഇ.എം.സി.സി. യുടെ ഉപ കമ്പനിയായ ഇ.എം.എൽ.റ്റി. ഇന്റർനാഷണൽ ഇന്ത്യയുമായി കരാർ ഒപ്പുവച്ചിരുന്നോ; | (സി) | ഇല്ല. |
| (ഡി) | അസൻഡ് 2020ൽ എത്ര ധാരണാപത്രങ്ങളാണ് ഒപ്പുവച്ചത്; പ്രസ്തുത ധാരണാപത്രങ്ങളെല്ലാം മന്ത്രിസഭയിൽ ചർച്ച ചെയ്ത ശേഷമാണോ സർക്കാർ ഒപ്പുവച്ചത്; അറിയിക്കുമോ; | (ഡി) | അസൻഡ് 2020 നിക്ഷേപക സംഗമത്തിൽ 32 ധാരണാപത്രങ്ങളും, 117 താല്പര്യപത്രങ്ങളുമാണ് ഒപ്പ വച്ചത്. പ്രസ്തുത ധാരണാപത്രങ്ങളും താല്പര്യപത്രങ്ങളും മന്ത്രിസഭയിൽ ചർച്ച ചെയ്തിട്ടില്ല. |
| (ഇ) | ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകുന്ന പ്രസ്തുത കരാർ മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുമെന്നിരിക്കെ, ധാരണാപത്രങ്ങളും അനുബന്ധ കരാറുകളും ഒപ്പുവച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഇ) | കരാർ ഒന്നും ഒപ്പ വച്ചിട്ടില്ല. കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടാനായി സംഘടിപ്പിച്ച അസെൻഡ് 2020എന്ന നിക്ഷേപ സംഗമത്തിൽ ഇ.എം.സി.സി നിക്ഷേപകരായി വരികയും അവരുമായി ധാരണാപത്രം ഒപ്പുവക്കുകയും ചെയ്തു. പിന്നീട് ഈ ധാരണാപത്രം റദ്ദാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ